43

1B5N24200 (Pages : 2) Reg. No:.........................
Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2024**

**BML5B07– Malayala Vyakaranam**

(2022Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**I. രണ്ടോ മൂന്നോ വാക്യത്തിൽ കുറിപ്പ് തയ്യാറാക്കുക**

1. പേരെച്ചം
2. ഏ. ആർ. രാജരാജവർമ്മ
3. മഹാവാക്യം
4. മിശ്രവിഭക്തി
5. ഘടകം
6. അകർമ്മകക്രിയ
7. സംഹിത
8. നന്നൂൽ
9. കർത്തരിപ്രയോഗം
10. സംജ്ഞാനാമം
11. ക്രിയാംഗജം
12. ചില്ലുകൾ
13. വിനാമം
14. ആഗമികവ്യാകരണം
15. ധാതു

(15 × 2 = 30 മാർക്ക്, പരമാവധി മാർക്ക് = 25)

## Section B

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

16. ഭേദകം എന്നാലെന്ത്? അവാന്തര വിഭാഗങ്ങളേവ?
17. മലയാളത്തിലെ അനുപ്രയോഗങ്ങൾ ചുരുക്കി വിവരിക്കുക.
18. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിശദീകരിക്കുക.
19. പ്രകാരം എന്നാലെന്ത്? സോദാഹരണം വിശദമാക്കുക.
20. കൃത്ത്, തദ്ധിതം ഇവയെന്തെന്ന് നിർവ്വചിച്ച് വിശദമാക്കുക.
21. ആകാംക്ഷാധികാരത്തിൽ വാക്യത്തെക്കുറിച്ച് കേരളപാണിനി നടത്തിയ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.
22. വിഭക്തിയും കാരകവും - കേരളപാണിനിയുടെ ആലോചനകൾ സംഗ്രഹിക്കുക.
23. വർണങ്ങളുടെ ശ്രുതിഭേദത്തിന്റെ കാരണങ്ങൾ ക്രോഡീകരിക്കുക.

**(8 × 5 = 40 മാർക്ക്, പരമാവധി മാർക്ക് = 35)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധികാര്യങ്ങൾ ചർച്ച ചെയ്യുക.
25. മലയാളത്തിലെ വ്യാകരണ ഗ്രന്ഥങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.
26. കേരളപാണിനിയുടെ ശബ്ദവിഭജനം വിമർശന രൂപേണ പരിശോധിക്കുക.
27. വർത്തമാനകാലപ്രത്യയം അനുപ്രയോഗ നിഷ്പന്നമാണെന്ന അഭിപ്രായത്തിന്റെ സാധുത വിശകലനം ചെയ്യുക.

**(2 × 10 = 20 മാർക്ക്)**

44

1B5N24201 (Pages : 2) Reg. No:..........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2024**

**BML5B08 – Paschathya Sahithya Sidhanthangal**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## സെക്ഷൻ - എ

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. പരമാവധി 25 മാർക്ക്.**

1. പ്ലാറ്റോയുടെ ആശയവാദം എന്ത് ?
2. ട്രാജഡിക്ക് അരിസ്റ്റോട്ടിൽ നൽകുന്ന നിർവ്വചനമെങ്ങിനെ?
3. ഉദാത്തദാവാദം അവതരിപ്പിച്ചതാര്? ഏത്കൃതിയിൽ ?
4. റിയലിസ്റ്റിക് (യഥാതഥ്യ പ്രസ്ഥാനം) പ്രസ്ഥാനവുമായി ബന്ധപ്പെട്ട രണ്ടു മലയാള കൃതികളുടെ പേരെഴുതുക.
5. റൊമാന്റിസിസത്തിന്റെ പ്രധാന സവിശേഷതകൾ ഏവ?
6. വേഡ്സ്വർത്ത് കവിതയ്ക്ക്നൽകുന്ന നിർവ്വചനമെന്ത്?
7. കല്പന(Fancy) യെക്കുറിച്ച്കോൾറിഡ്ജ് പറയുന്നതെന്തെല്ലാം?
8. ടോൾസ്റ്റോയിയുടെ കലാവിമർശന ഗ്രന്ഥത്തിന്റെ പേര്? പ്രസിദ്ധീകരണ വർഷം?
9. റിയലിസത്തിന്റെ വക്താക്കളിൽ പ്രധാനികൾ ആരെല്ലാം?
10. മിസ്റ്റിസിസത്തിന്റെ പ്രധാനസവിശേഷതകൾ ഏവ?
11. ഫ്യൂച്ചറിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെന്തെല്ലാം?
12. എക്സ്പ്രഷനിസത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
13. സൂചകം,സൂചിതം എന്നിവ എന്തെന്നു വ്യക്തമാക്കുക
14. ഫ്രോയിഡ് കണ്ടെത്തുന്ന മനസ്സിന്റെ മൂന്നു തലങ്ങൾ ഏവ?
15. എഴുത്തുകാരന്റെ മരണം (Death of the Author) എന്ന ആശയമവതരിപ്പിച്ചതാര്? പ്രാധാന്യമെന്ത്?

**15 X 2=30പരമാവധി 25 മാർക്ക്**

## സെക്ഷൻ - ബി

**II. ഒരു ഖണ്ഡികയിൽക്കവിയാതെ ഉത്തരമെഴുതുക. പരമാവധി 35 മാർക്ക്**

16. പ്ലാറ്റോ കലയെ നിരസിക്കുന്നതിനു പറയുന്ന കാരണങ്ങളെന്തെല്ലാം?
17. ദുരന്തനാടകത്തിന്റെ ഘടകങ്ങളേവ?
18. കാവ്യഭാഷയെ സംബന്ധിച്ചു വേഡ്സ്വർത്തു പറയുന്ന അഭിപ്രായങ്ങളെന്തെല്ലാം ?
19. ഉത്തമകലയേയും അധമകലയേയും ടോൾസ്റ്റോയ് വ്യവച്ഛേദിക്കുന്നതെങ്ങനെയെല്ലാം?
20. എക്സിസ്റ്റൻഷ്യലിസ്റ്റ് ദർശനത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക
21. സർറിയലിസ്റ്റ് പ്രസ്ഥാനം രൂപപ്പെട്ട സാഹചര്യം വിശദീകരിക്കുക
22. അപ നിർമ്മാണത്തിന്റെ പ്രധാന തത്ത്വങ്ങൾ എന്തെല്ലാം?
23. മന:ശാസ്ത്ര നിരൂപണത്തിന് യുങ് നൽകിയ പ്രധാന സംഭാവനകൾ എന്തെല്ലാം?

**5x8=40 പരമാവധി 35 മാർക്ക്**

## സെക്ഷൻ - സി

**III. ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽക്കവിയാതെ ഉത്തരം തയ്യാറാക്കുക**

24. പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും കലാവാദങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ? വിശദീകരിക്കുക.
25. കാല്പനികതാവാദത്തിന് വേഡ്സ്വർത്തും കോൾറിഡ്ജും നൽകിയ സംഭാവനകളെ ക്രോഡീകരിക്കുക.
26. റിയലിസം, മിസ്റ്റിസിസം, ഫ്യൂച്ചറിസം എന്നിവ വിശദീകരിക്കുക.
27. ഘടനാവാദത്തിനടിസ്ഥാനമായ സൊസ്സ്യൂറിന്റെ ഭാഷാസങ്കല്പനങ്ങളെ അപഗ്രഥിക്കുക

**2 X 10 = 20മാർക്ക്**

45

1B5N24202 (Pages : 2) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2024**

**BML5B09 – Malayala Sahithya Vimarshanam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. കേരള കാളിദാസൻ എന്നറിയപ്പെടുന്നത് ആര്?
2. സമുദായത്തിലെ വിഷം തീനികൾ എന്ന് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിക്കുന്നത് ആരെയാണ്?
3. മണ്ഡന വിമർശനം എന്നാൽ എന്ത്?
4. ജീവൽ സാഹിത്യ സംഘം രൂപം കൊണ്ട വർഷം ഏത്?
5. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നീ പ്രാചീന കവികളെകുറിച്ചുള്ള വിമർശന പഠനങ്ങൾ എഴുതിയത് ആര്?
6. " 'ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേടാണ് ബാല്യകാലസഖി അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു" _ ആരുടെ വാക്കുകൾ?
7. ' ഒരു കവിത ജനിക്കുന്നു' എന്ന ലേഖനം എഴുതിയത് ആര്?
8. ' ദളിതൻ' ആരുടെ ആത്മകഥയാണ്?
9. മുടിത്തെയ്യമുറയുമ്പോൾ എന്ന ചെറുകഥ എഴുതിയത് ആര്?
10. 'ഹരിത നിരൂപണം മലയാളത്തിൽ' ആരുടെ കൃതിയാണ്?
11. 'കറുപ്പിന്റെ സൗന്ദര്യശാസ്ത്രം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?
12. എല്ലാം കൂടി നോക്കിയാൽ 'മാർത്താണ്ഡവർമ്മ' മലയാള ഗ്രന്ഥസമുച്ചയത്തിന്റെ കൂട്ടത്തിൽ വളരെ മാന്യമായ ഒരു സ്ഥാനം ലഭിക്കുന്നതിന് പൂർണമായ അവകാശമുള്ള പുസ്തകമാണ് ആരുടെ വാക്കുകളാണ് ഇത്?
13. ഗതാനുഗതികത്വത്തെക്കാൾ നവനവോല്ലേഖ കൽപ്പനയിലാണ് കവികൾ അധികം ദൃഷ്ടി വെക്കേണ്ടത് എന്ന് ഈ ഖണ്ഡ കാവ്യം വായിക്കുന്നവർക്ക് നല്ലവണ്ണം ബോധ്യപ്പെടും. ഏത്കൃതിയെ ക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?
14. 'മരുഭൂമികൾ പൂക്കുമ്പോൾ' എന്ന ലേഖനത്തിലൂടെ ഏത് എഴുത്തുകാരന്റെ രചനാലോകത്തെയാണ് എം.എൻ.വിജയൻ പഠനവിധേയമാക്കുന്നത്?
15. വിലോഭ നനഷ്ടം എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

[2 x 15 = 30 പരമാവധി **മാർക്ക്25**]

''

**ഒരുഖണ്ഡികയിൽ കവിയാതെഉത്തരംഎഴുതുക.**

16. സരസ്വതി വിജയം എന്ന നോവൽ മുന്നോട്ടു വെയ്ക്കുന്ന നവോത്ഥാന ആശയങ്ങൾ വിശദമാക്കുക.?
17. മാർത്താണ്ഡ വർമ്മ നോവലിനെക്കുറിച്ചുള്ള സി.പി. അച്യുതമോനോന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
18. 'നളിനിയിൽ പുതിയ കാവ്യ പ്രസ്ഥാനമെന്ന പോലെ അതിന്റെ അവതാരികയിൽ പുതിയ വിമർശന പ്രസ്ഥാനവും രൂപപ്പെട്ടു'- വിശദമാക്കുക.
19. മലയാള സാഹിത്യത്തിലെ താഴ്ലുലം എന്ന ലേഖനത്തിലുടെ ജെ.ദേവിക മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങൾ എന്തെല്ലാം?
20. കലയിലെ അധീശ വർഗ്ഗപ്രത്യയശാസ്ത്രത്തെ ജനകീയ കല കൊണ്ട്പ്രതിരോധിക്കേണ്ടത് എങ്ങനെയെന്നാണ്കെ.ഇ. എൻ. വ്യക്തമാക്കുന്നത്?
21. കുമാരനാശാന്റെ നളിനീകാവ്യത്തെ ബുദ്ധദർശനത്തിന്റെ അടിസ്ഥാനത്തിൽ നിരൂപണം നടത്തുന്ന ഡോ. എം. ലീലാവതി എത്തിച്ചേരുന്ന നിഗമനങ്ങൾ എന്തെല്ലാം?
22. കലകളിലെ അനുഭൂതികൾ ചരിത്രപരമായി വികസിക്കുന്ന ഒന്നാണെന്ന ബി.രാജീവിന്റെ അഭിപ്രായം വിലയിരുത്തുക.?
23. 'ബാല്യകാലസഖി' എന്ന നോവലിനെക്കുറിച്ചുള്ള എം.പി.പോളിന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം? [5 x 8 = 40 **പരമാവധിമാർക്ക്**35

**ഏതെങ്കിലും രണ്ട്ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക**

24. സാഹിത്യവിമർശനത്തിൽ നിഷ്പക്ഷത എന്നൊരു പക്ഷമില്ലെന്ന് മാരാർ സമർത്ഥിക്കുന്നതെങ്ങനെ?
25. 'വിഷം തീനികൾ' എന്ന ആശയം കേസരി എ.ബാലകൃഷ്ണപ്പിള്ള സ്വീകരിച്ചതിന്റെ പശ്ചാത്തലം വ്യക്തമാക്കുക.?
26. മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനത്തിലൂടെ ഇടപ്പള്ളിയുടെ മരണാഭിമുഖ്യത്തെക്കുറിച്ച് കെ.പി. അപ്പൻ നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം? വിശദമാക്കുക.
27. കഥകളിലെ പാരിസ്ഥിതികാവ ബോധത്തെക്കുറിച്ചുള്ള ജി. മധുസുദനന്റെ നിരീക്ഷണങ്ങൾ വിശദമാക്കുക.

[2 x 10 = 20]

46

1B5N24203 (Pages : 2) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2024**

**BML5B10 – Nadodi Vinjhaniyam**

(2022 Admission onwards)

Time: 2 ½ hours **SECTION A** Max. Marks : 80

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ഫോക്‌ലോർ എന്ന പദം ആദ്യമായി ഉപയോഗിച്ചത് ആര് ?
2. 'The Dictionary of Folklore mythology and Legend' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്
3. 'കടങ്കഥ' എന്ന പേരിനു പിന്നിലെ അർത്ഥ കല്പന എന്ത് ?
4. 'ഒരുക്കുശീലുകൾ'എന്നാലെന്ത് ? അത് നാടൻ പാട്ടിലെ ഏത് വിഭാഗവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.
5. 'പഴഞ്ചൊല്ലിൽ പതിരില്ല'- ഈ പ്രസ്താവന ശരിയോ ? എന്തുകൊണ്ട്?
6. തോറ്റം എന്നാലെന്ത് ?
7. പടയണിയുടെ രൂപം കൊള്ളലിന് പിന്നിലുള്ള ഐതിഹ്യമെന്ത് ?
8. മാപ്പിളപ്പാട്ട് വൃത്ത വ്യവസ്ഥ എന്ത് പേരിൽ അറിയപ്പെടുന്നു.?
9. ഫോക്‌ലോറിന് ഒരു നിവചനം നൽകുക ?
10. 'തച്ചോളിപ്പാട്ടുകൾ', 'പുത്തൂരം പാട്ടുകൾ'എന്നിവ ഏതൊക്കെ ജാതിവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നു?
11. മാർഗം കളിയിൽ വിളക്ക് എന്തിനെ സൂചിപ്പിക്കുന്നു?
12. കുട്ടിച്ചാത്തൻ തിറയുടെ സവിശേഷതകൾ എന്തൊക്കെ ?
13. തെയ്യം, തിറ ഇവ തമ്മിലുള്ള സാജാത്യ വ്യത്യാസങ്ങൾ എഴുതുക.
14. അർബൻ ഫോക്‌ലോർ എന്നാലെന്ത് ?
15. കുട്ടിച്ചാത്തൻ തിറയുടെ സവിശേഷത എന്താണ് ?

**(15 X 2 = 30) (പരമാവധി 25 മാർക്ക്)**

**SECTION B**

**II. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

16. ഫോക്‌ലോറിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ എന്തൊക്കെ? വിശദീകരിക്കുക.
17. നാടൻ പാട്ടുകളുടെ വർഗീകരണം എങ്ങനെയൊക്കെ ? വിശദമാക്കുക

18 നാടകത്തിന്റെ ചടങ്ങും ചിട്ടകളും അനുസ്മരിപ്പിക്കുന്ന ഒരനുഷ്ഠാന നാടകമാണ് മുടിയേറ്റ്. ഈ പ്രസ്താവന ശരിയോ ? വ്യക്തമാക്കുക

19 ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവ കൂട്ടായ്മയെ ബലപ്പെടുത്തുന്നതെങ്ങനെ ? സാമൂഹിക സന്ദർഭത്തിൽ അതെങ്ങനെ ഫോക്‌ലോറിന്റെ ഭാഗമായിത്തീരുന്നു ?

20 തെക്കൻ പാട്ടുകൾ എന്നാലെന്ത് ? പ്രധാനപ്പെട്ട തെക്കൻപാട്ടുകൾ ഏതൊക്കെ ?

21 നാടോടിക്കഥകൾ എന്നാലെന്ത് ? നാടോടിക്കഥകൾ ഏതൊക്കെ തരത്തിൽ ആധുനിക സാഹിത്യവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. താരതമ്യം ചെയ്യുക.

22 അറബിമലയാളത്തിന്റെ സ്വാധീനം മാപ്പിളകലാരൂപങ്ങളിൽ പ്രകടമാണ്. ഉദാഹരണസഹിതം വിലയിരുത്തുക.

23 പുരാവൃത്തം, ഐതിഹ്യം ഇവ തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ എന്തൊക്കെ ?

**(8 X 5 = 40) ( പരമാവധി 35 മാർക്ക്)**

## SECTION C

III രണ്ടു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

24 ഫോക്‌ലോർ എന്ന വിജ്ഞാനശാഖ രൂപപ്പെട്ടുവന്നതിന്റെ ചരിത്രം ചുരുക്കി എഴുതുക.

25 അനുഷ്ഠാന സന്ദർഭങ്ങളോട് വിശ്വാസപരമായിചേർന്നു നിൽക്കുന്നവയാണ് അനുഷ്ഠാന കലാരൂപങ്ങൾ. എന്നാൽ സമകാലത്ത് അരങ്ങ് പുതിയ സ്ഥല, സന്ദർഭങ്ങളെ ഉൾക്കൊള്ളുന്നു. ഈ മാറ്റത്തെ എങ്ങനെ കാണുന്നു. വിലയിരുത്തുക

26 കൃഷിയുമായി ബന്ധപ്പെട്ട അറിവുകളുടെ സമൃദ്ധലോകമാണ് ഡോ.കെ.എം.അനിലിന്റെ 'കാർഷിക വൃത്തിയും ജ്ഞാനവ്യവസ്ഥയും' എന്ന ലേഖനം - വിശദീകരിക്കുക

27 കേരളീയ സംസ്കാരിക പരിസരങ്ങളിൽ 'നാടൻ' എന്ന പദത്തിന്റെ പ്രാധാന്യമെന്ത് ? നാടൻ പാട്ട്, ഭക്ഷണം, വൈദ്യം. കളി എന്നിവയോട് നാടൻ എന്ന പദം ചേരുമ്പോൾ അതെങ്ങനെ ഫോക്‌ലോർ പഠനത്തിന്റെ ഭാഗമായിത്തീരുന്നു ?

**(2 X 10 = 20)**

47

1B5N24204 (Pages : 2) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2024**

**(Open Course)**

**BML5D02 – Sahithyavum Sargathmagha Rachanayum**

(2022 Admission onwards)

Time: 2 hours Max. Marks : 60

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. തന്നിൽ കവിത ജനിക്കുന്നതെങ്ങനെ എന്നാണ് സുഗതകുമാരി വിശദീകരിക്കുന്നത്.
2. എഴുത്തിന്റെ വഴികളിലെത്തിയതിൽ സുഗതകുമാരി നന്ദിയോടെ സ്മരിക്കുന്നത് ആരെയെല്ലാമാണ്
3. ഷെർളിയുടെ വീട്ടിലെ അന്തരീക്ഷം എങ്ങനെയുള്ളതായിരുന്നു?
4. തെറ്റ് തിരുത്തുക
   നന്നായി പഠിച്ചിരുന്നതു കൊണ്ടു തന്നെയാണ് അവളുടേത് നല്ല മികച്ച വിജയമായിരുന്നു.
5. രാജീന്ദ്രൻ പാണ്ഡെ ജനൽവാതിൽ തുറന്ന് പുറത്തേക്ക് നോക്കുമ്പോൾ കാണുന്ന കാഴ്ചകൾ എന്തെല്ലാമാണ്
6. "വെള്ളക്കാർ കഴിഞ്ഞ കൊല്ലം കുറവായിരുന്നു ഇക്കുറി എന്തോ" – ആര് ആരോട് പറയുന്നതാണിത്?
7. ഹരിയുടെ അമ്മ എന്തെല്ലാം കാര്യങ്ങൾക്കാണ് സീതയെ നിർബന്ധിച്ചിരുന്നത്?
8. ബോഡോ വർഗക്കാർ ഏതെല്ലാം ജില്ലകളിലായിരുന്നു താമസിച്ചിരുന്നത്?
9. അമർസിംഗ് വിമലയോട് വലിയ ബഹുമാനം കാണിക്കുന്നത് ഏത് സന്ദർഭത്തിലായിരുന്നു?
10. എന്തുകൊണ്ടാണ് വിമല വെക്കേഷന് തന്റെ വീട്ടിലേക്ക് പോകാത്തത്?
11. വെള്ളക്കാർ സഞ്ചാരികളായി എത്തുന്നതിൽ ബുദ്ദു സന്തോഷിക്കുന്നത് എന്തു കൊണ്ടാണ്?
12. ജമീലാ ബീവിയെപ്പറ്റി കെസ്സ് പാട്ട് എഴുതിയത് ആരാണ്?

**(12x2=24 Maximum Ceiling 20 Marks)**

## PART B

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക**

13. " ഒരു കത്ത് തന്നാൽ മതി. ഞാൻ മിസ്റ്റർ ഗോമസിന്റെ പക്കൽ നിന്നു വാങ്ങിക്കൊള്ളാം" - സന്ദർഭവും ആശയവും വിശദീകരിക്കുക?

14. 'നാളെ നിന്നെ ഞാൻ കൊത്തി മാറ്റുമ്പോൾ നാളെകൾ നിന്നെ മാടി വിളിക്കും' - സന്ദർഭവും സ്വാരസ്യവും വിശദമാക്കുക?

15. "ഗ്രീഷ്മമേസഖീ, നമുക്കൊരുഷ്മള
ദീപ്തിയാർന്നൊരീ മധ്യാഹ്നവേനൽ" – ആശയം വിശദീകരിക്കുക?

16. "മെലിഞ്ഞ കാലുകൾ രണ്ടു മുറികളുള്ള ആ കൊച്ചു വീട്ടിൽ വിശ്രമമില്ലാതെ ചലിച്ചു കൊണ്ടിരുന്നു" - സന്ദർഭവും ആശയവും വിശദീകരിക്കുക?

17. പരാവർത്തനം ചെയ്യുക.

എങ്ങു മനുഷ്യനു ചങ്ങല കൈകളി,-
ലങ്ങെൻ കയ്യുകൾ നൊന്തീടുകയാ;
ണെങ്ങോ മർദ്ദന മവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു;
എങ്ങെഴുന്നേൽ പാൻപിടയും മാനുഷ,-
നവിടെജ്ജീവിച്ചീടുന്നു ഞാൻ,
ഇന്നാഫ്രിക്കയിതെൻ നാ; ടവളുടെ
ദുഃഖത്താലേ ഞാൻ കരയുന്നു.

18. സന്താറാവൂർ എന്ന ഗ്രാമത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

19. "അതിനെന്താ ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലോ എന്റെ കല്യാണസാരി" - സന്ദർഭവും ആശയവും വിശദീകരിക്കുക?

**(7X5=35 Maximum Ceiling 30 Marks)**

## PART C

**ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക**

20. തന്റെ കഥകളെപ്പറ്റി ഉറൂബ് പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? വിശദീകരിക്കുക?

21. ദൽഹി81 എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക?

**(1 x 10=10 marks)**

48

1B1N240176 (Pages : 2) Reg. No:......................
Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2024**

**MAL1CJ101 – മലയാള കവിതാപരിചയം**

(FYUGP 2024 Admission)

Time: 2 hours Max. Marks : 70

**PART – A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരംഎഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 3 മാർക്ക് വീതം. പരമാവധിമാർക്ക് 24.**

1. 'മാപ്പുസാക്ഷി' എന്ന കവിത മുന്നോട്ടുവെക്കുന്ന രാഷ്ട്രീയമെന്ത് ?
2. പണമില്ലാഞ്ഞുതാൻ വരാൻ
   മടിക്കയാവാമസ്സാധുഗണികയായ്ത്തന്നെയെന്നെഗ്ഗണിക്കയാവാം"
   ആശയം വ്യക്തമാക്കുക
3. ആധുനിക കവിത്രയത്തിലെ കവികൾ ആരെല്ലാം?
4. "എനിക്ക് രസമീ നിമ്നോന്നതമാം.
   വഴിക്ക് തേരുരുൾ പായിക്കൽ ".. കവിയുടെ വിവക്ഷയെന്ത് ?
5. "അപ്പനെന്നൊച്ചയങ്ങു കേൾക്കാമോ?""അപ്പനേ,യെനിക്കസ്സലായ്കേൾക്കാം
   " – മാനവവംശം കൈവരിച്ച പുരോഗതിയുടെ അടയാളപ്പെട്ടുത്താലാ യി ഈ ശബ്ദം കേൾക്കലിനെ കവിതയിൽ ഉപയോഗപ്പെട്ടുത്തിയിരിക്കുന്നതെങ്ങനെ?
6. ക്രൂരമിടിത്തിയ്യിൽ വെന്തുപോയി;
   കേശ-ഭാരകിരീടമണിയേണ്ട മസ്തകം!
   ഈ വരികൾക്ക് കവിതയിലുള്ള പ്രസക്തി പരിശോധിക്കുക.
7. കുമാരനാശാൻ രചിച്ച നാല്ഖണ്ഡ കാവ്യങ്ങളുടെ പേരെഴുതുക.
8. വിണ്ടലം നമുക്കിനി വേറെ വേണോ? - സന്ദർഭം വിശദമാക്കുക
9. പെണ്ണപ്പനെ പോലെ അല്ല ആണപ്പൻമാർ. പെണ്ണപ്പനിൽ നിന്ന് ആണപ്പൻമാർ വ്യത്യസ്തരാവുന്നത് എങ്ങനെയാണ് ?
10. മുണ്ട് എന്ന കവിതയിലെ ചുകപ്പ് സൂചിപ്പിക്കുന്നത് എന്തിനെ ?

## PART – B

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം. (പരമാവധി മാർക്ക് 36)**

11. മഴ നനഞ്ഞുവരുന്ന ഒരു പാണ്ടൻ നായ്ക്ക് ആ പൊളിഞ്ഞ കൂരയ്ക്ക്കീഴേ അര അഭയം ഇപ്പോഴുമുണ്ട്. ആ നായ് അവനാണെങ്കിൽ കൂടിയും - വിശദമാക്കുക
12. പെരുന്തച്ചൻ മിത്തിന്റെ വേറിട്ടആവിഷ്കരമാണ് തച്ചന്റെ മകൾ എന്ന കവിത – വിശകലനം ചെയ്യുക
13. അമ്പാടിയിലേക്ക് വീണ്ടും എന്ന കവിതയിലെ ദാരുകന്റെ വിചാരങ്ങൾ കവിയുടെ വെളിപാടുകൾ തന്നെയാണ് .സമർത്ഥിക്കുക
14. വാസവദത്തയുടെ സൗന്ദര്യവർണനയെ മുൻനിർത്തി കരുണ എന്ന കവിതയുടെ കാല്പനികസ്വഭാവത്തെകുറിച്ച് കുറിപ്പ് തയ്യാറാക്കുക.
15. ഒക്കില്ലൊരിക്കലും മേലിലെ നിക്കിനി,
    ഇക്കളിയോഗത്തിലൊത്തുകളിക്കുവാൻ - എന്ന ഏറ്റു പറച്ചിൽ
    സ്വത്വനഷ്ടത്തിന്റെ വഴികളിലലഞ്ഞ കവിയുടെ ജീവിതത്തെ എത്ര കണ്ട്
    അടയാളപ്പെടുത്തുന്നുണ്ടെന്ന് പരിശോധിക്കുക.
16. കാല്പനികതയുടെ അതി വൈകാരികതയിൽ അഭിരമിക്കുന്ന കാവ്യഭാഷയാണ് ചങ്ങമ്പുഴയുടേത്. ആത്മരഹസ്യം എന്ന കവിതയെമുൻ നിർത്തി വിശകലനം ചെയ്യുക
17. പാട്ട, ചെരിപ്പ് , കുപ്പി, കടലാസ് ഇതൊക്കെ പെറുക്കി വിൽക്കുകയാണ് പണി ആളുകൾ എന്നെ പെറുക്കിഎന്ന് വിളിക്കുന്നു. - ചർച്ചചെയ്യുക
18. ധ്വസ്തതഭൂവനാമാം ദൗഷ്ട്യമേ, നിൻതല-
    യെത്രപരത്തിയുയർത്തിയാലും,
    ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ,
    ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!"
    സന്ദർഭവും ആശയവും വ്യക്തമാക്കുക?

## PART - C

**ഒരുചോദ്യത്തിന് രണ്ട്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്ക്.**

19. പ്രണയത്തിന്റെ സ്ത്രീ പുരുഷ അനുഭവങ്ങളുടെ ബഹുവിധ ആവിഷ്ക്കാരങ്ങൾ മലയാള കവിതയിലുണ്ട്. 'അക്ക മൊഴിയുന്നു', 'കൃഷ്ണ നീയെന്നെ അറിയില്ല' എന്നീ കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.
20. മർത്ത്യജീവിത മഹാ ഗാഥകളാണ് വൈലോപ്പിള്ളിക്കവിതകൾ. 'മലതുരക്കൽ' എന്ന കവിതയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

49

1B1N240177 (Pages : 3) Reg. No:.........................
Name: ............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

MAL1MN103 – ജെൻഡർ പഠനങ്ങൾ

(FYUGP 2024 Admission onwards)

Time: 2 hours Max. Marks : 70

PART – A

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 3 മാർക്ക് വീതം. (പരമാവധി മാർക്ക് 24 )**

1. കേരളീയ ആണത്തത്തെ നിർണയിക്കുന്ന ചരിത്രപരമായ ഘടകങ്ങൾ എന്തെല്ലാം?
2. ലിംഗപദവി, ലിംഗ വ്യത്യാസം എന്നീ പദങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?
3. ലിംഗപദവിവൽക്കരണം എന്നാൽ എന്ത്?
4. ആണത്തവും ഹിംസയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന ബോർദ്യുവിന്റെ വാദത്തിന് കേരള സാമൂഹ്യജീവിതത്തിൽ നിന്നും ഒരുദാഹരണം കണ്ടെത്തിയെഴുതുക
5. പിറവി എന്ന കവിതയെ പരിചയപ്പെടുത്തുക.
6. 'പരസ്യങ്ങളിലെ ഉത്തമ മാതൃകാപുരുഷൻ വളരെ നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായിരുന്ന നായകസങ്കൽപ്പത്തിന്റെ പരിഷ്കൃതരൂപങ്ങൾ തന്നെയാണ്'. മുണ്ടിന്റെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്ന വെളുത്ത,സവർണ പുരുഷശരീരവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.
7. പാശ്ചാത്യശാസ്ത്രം വെറും പൈങ്കിളിക്കഥയായി തരംതാഴ്ത്തുന്ന അണ്ഡബീജസങ്കലനപ്രക്രിയയെ ലളിതാംബിക അന്തർജ്ജനം ചിത്രീകരിക്കുന്നതെങ്ങനെയാണ്?
8. "എന്തിനാ നീ ഈ പകൽസമയത്തു വന്നത്?" മല്ലിയുടെ അമ്മ ഇങ്ങനെ ചോദിക്കുന്നതെന്തുകൊണ്ടായിരിക്കും?

9. "ചത്തവിശ്വാസങ്ങൾ തന്നിരുളിൽ താനേ മിഴി പൊത്തി നാം പിന്നെപ്പിന്നെ നടക്കാൻ പഠിക്കുമ്പോൾ..." വരികൾ അർഥമാക്കുന്നതെന്ത്?

10. അമ്മിണിപ്പിള്ള എന്ന കഥാപാത്രത്തിന്റെ സ്വഭാവ നിരൂപണം നടത്തുക.

## PART – B

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം (പരമാവധി മാർക്ക് 36)**

11. ലിംഗവ്യത്യാസത്തിലൂടെ ലഭിക്കുന്ന 'സ്ത്രീത്വം' അവൾക്ക് ഒരു നേട്ടവും ശക്തിയുമാണെങ്കിൽ സാമൂഹികമായി നിർണയിക്കപ്പെടുന്ന സ്ത്രൈണ ലൈംഗിക പദവി അവൾക്കൊരു ബാധ്യതയും ബലഹീനതയുമായിത്തീരുന്നു. ഉദാഹരണ സഹിതം വ്യക്തമാക്കുക

12. സവർണമെന്ന് കരുതപ്പെടുന്നവരുടെ കുടുംബങ്ങളെയപേക്ഷിച്ച് സ്ത്രീപുരുഷബന്ധങ്ങൾ ദളിത് ബഹുജൻ കുടുംബത്തിൽ കുറേക്കൂടി സുതാര്യമാണെന്ന കാഞ്ചലയ്യയുടെ നിരീക്ഷണത്തെ വിശകലനം ചെയ്യുക.

13. എന്താണ് ശരീരങ്ങൾക്കു നേരെയുള്ള 'മാനക്നോട്ടം' എന്നതുകൊണ്ട് ഡോ. ജി ഉഷാകുമാരി അർത്ഥമാക്കുന്നത്? പരിശോധിക്കുക

14. 'കന്യകക്ക് പുല്ലിംഗം കണ്ടുപിടിക്കുക എന്നത് ഒരു ഗൃഹപാഠ പ്രശ്നമല്ല. സാമൂഹ്യപ്രശ്നം തന്നെയാണ്. ലിംഗരാഷ്ട്രീയത്തിന്റെ ഭരണഘടനയെ അത് സ്വപ്നം കാണുന്നു'. 'കന്യകയുടെ പുല്ലിംഗം'എന്ന കഥയെ മുൻനിർത്തിയുള്ള ഡോ. സി. ഗണേഷിന്റെ ഈ അഭിപ്രായത്തെ വിപുലീകരിക്കുക.

15. ഭിന്നലൈംഗികാധീശത്തസമൂഹത്തിൽ വിമതലൈംഗിക ജീവിതങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികളെ 'ഛേദാംശജീവിതം' എന്ന കഥ പ്രശ്നവൽക്കരിക്കുന്നതെങ്ങനെയെന്ന് വിലയിരുത്തുക.

16. ക്വിയർ മനുഷ്യരുടെ രചനാസമാഹാരത്തെ 'അക്ഷരങ്ങളുടെ സ്റ്റോൺവാൾ കലാപം എന്ന് വിളിക്കുന്നത് എത്രമാത്രം അനുയോജ്യമാണ്? ക്വിയർ രചനകൾ വിശകലനം ചെയ്തു വിലയിരുത്തുക.

17. "അപ്പൊ എനിക്കും ഷർട്ടിട്ട് പുറത്തുപോകാമല്ലോ നിങ്ങൾക്കൊക്കെ സഹിക്കാൻ വയ്യാതാകുമ്പോൾ ഷർട്ടിട്ട് പുറത്തുപോകാം. ബാലന് (ബാലചന്ദ്രൻ ചുള്ളിക്കാട് ) വീട്ടുപേക്ഷിച്ച് പോകാൻ ഒരു ലോകം ഉണ്ടായിരുന്നു. ഞാൻ എവിടേക്ക് പോകും? അഷിതയുടെ ഈ ചോദ്യത്തോടുള്ള നിങ്ങളുടെപ്രതികരണമെന്താണ്? കേരളീയ സ്ത്രീജീവിതത്തെ മുൻനിർത്തി വിശദീകരിക്കുക.

18. സമൂഹത്തിൽ നിലനിൽക്കുന്ന ഭിന്നലൈംഗികാധീശത്തിന്റെ സങ്കീർണ്ണതകളെ 'കാതൽ the core' എന്ന സിനിമ ചർച്ചചെയ്യുന്നതെങ്ങനെ? വിലയിരുത്തുക.

**PART - C**

**ഒരു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(10 മാർക്ക്)**

19. ദേവാസുരം, ധ്രുവം, ആവേശം എന്നീ സിനിമകളെ വിമർശനാത്മകമായി വിലയിരുത്തി, കേരളസമൂഹത്തിൽ പ്രബലമായ ആണത്താധികാരങ്ങളെ ശക്തിപ്പെടുത്തുന്നതിൽ സിനിമ വഹിക്കുന്ന പങ്കിനെക്കുറിച്ച്ലേഖനം തയ്യാറാക്കുക

20. വിമത സമുദായങ്ങൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ അരവിന്ദ് നരെയ്ൻ വിശദീകരിക്കുന്നതെങ്ങനെ ? സ്വാഭിപ്രായം ചേർത്ത് വിപുലീകരിക്കുക.

50

1B1N240179 (Pages : 2) Reg. No:.........................
Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1FM105 – സർഗ്ഗാത്മകതയും സാഹിത്യവും**

(FYUGP 2024 Admission)

Time: 1.5 hours Max. Marks : 50

**PART – A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 2 മാർക്ക് വീതം (പരമാവധിമാർക്ക് 16)**

1 എഴുതിക്കഴിഞ്ഞപ്പോൾ എം. ടിയെ കരയിപ്പിച്ച കഥയേത്? കഥയ്ക്ക് ആദ്യം നൽകിയ പേരെന്ത്?

2 സാഹിത്യം എന്നാൽ എന്ത്?

3 'നമ്മൾ ജീവിക്കാത്ത ജീവിതങ്ങൾ മാത്രമല്ല, നമ്മൾ ജീവിക്കുന്ന ജീവിതം തന്നെ നമുക്ക്കെട്ടു കഥയായി തോന്നുന്ന അവസരങ്ങൾ ഉണ്ട്ജീ വിതത്തിൽ' മുഹമ്മദ് അബ്ബാസിന് കെട്ടു കഥയായി തോന്നുന്നതെന്താണ്?

4 എഴുത്തുകാരെ വെറുതെ വിടണം എന്ന തന്റെ വാദത്തെ സാധൂകരിക്കാൻ ശ്രീജിത്പെരുന്തച്ചൻ നൽകുന്ന ഉദാഹരണങ്ങളിൽ ഏതെങ്കിലുമൊന്ന് ചുരുക്കിയെഴുതുക.

5 'മൈമൂന' യിലൂടെയുള്ള, സ്ത്രീത്വത്തിനു പിറകെയുള്ള ജാഗരൂകമായ അന്വേഷണത്തിൽ മുങ്ങാകോഴിയേയും ഖാളിയാരെയും താൻ പങ്കാളികളാക്കിയത് എന്തിനാണെന്നാണ് ഒ. വി വിജയൻ പറയുന്നത്?

6 പെണ്ണും പുലിയും എന്ന കവിതയിലെ ഏതെങ്കിലും ഒരു രംഗം ചിത്രീകരിക്കുന്നതിനായി മെറ്റാഎഐക്കു നൽകാനുള്ള പ്രോംറ്റ് തയ്യാറാക്കുക.

7 'മാമ്പഴം' എന്ന കവിതയിൽ 'പൂങ്കുല തല്ലുന്നത്തല്ലുകൊള്ളാ ഞ്ഞിട്ടല്ലേ' എന്ന വരിയിൽ ഓടിച്ചു എന്നതിന്പകരം തല്ലി എന്നു പയോഗിക്കാനുള്ള കാരണം കവി വിശദീകരിക്കുന്നതെങ്ങനെ?

8 താൻ കവിതയുടെ വീട്ടിൽ നിന്ന് കഥയുടെ വീട്ടിലേക്ക് കുടി കയറാനിടയായ സന്ദർഭം എന്തായിരുന്നെന്നാണ് ലളിതാംബിക അന്തർജ്ജനം പറയുന്നത്?

9 'ഒരു കൃതി എഴുതിത്തീർന്നയുടനെ അതു എത്രമാത്രം ഫലിച്ചു എന്നറിയേണ്ടതിലേക്കു രചയിതാവു തന്നെ വായിച്ചുനോക്കുന്നത് മിക്കവാറും നിഷ്ഫലമാണ്.' ഇടശ്ശേരി ഇങ്ങനെ പറയാൻ കാരണമെന്ത്?

10 അന്ന് നേരം പുലരും മുമ്പേ 'നെയ്ത്തുകാരൻ' എഴുതാൻ തീരുമാനിച്ചിരുന്നു. ആര്? എന്ന്?

## PART – B

## ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം (പരമാവധിമാർക്ക്24)

11 "ലോകാവസാനം വരേക്കും പിറക്കാതെ പോകമകനേ, പറയപ്പെടാത്തൊരു വാക്കിനെപ്പോലർത്ഥപൂർണനായ്", കവിതയിൽ തെളിയുന്ന വേദന കവിയുടെ ജീവിതാനുഭവങ്ങളിൽ നിന്ന് പിറവി കൊണ്ടതാണ്. വിശദമാക്കുക.

12 പാരീസ് നഗരം എഴുത്തുകാരോട് പെരുമാറുന്നതെങ്ങനെയാണെന്നാണ് ശ്രീജിത്പെരുന്തച്ചൻ പറയുന്നത്?

13 കോളേജ് റേഡിയോയിലേക്കായി ' ഇടശ്ശേരിയും പൂതപ്പാട്ടും' എന്ന പേരിൽ ഒരു അവതരണ പാഠം തയ്യാറാക്കുക.

14 മൈമൂന എന്ന കഥാപാത്രസൃഷ്ടിക്കു പിറകിലെ സർഗാത്മകതലങ്ങൾ വിശകലനം ചെയ്യുക.

15 ചരിത്രത്തിൽ ഇടംകിട്ടാതെ പോയ ആയിരക്കണക്കിന് അപ്പമേസ്ത്രിമാരിലൊരാൾക്ക് മലയാളസിനിമയുടെ വർണ്ണാഭമായ ലോകത്ത് മുരളി എന്ന മഹാനടനിലൂടെ വേറിട്ട ഒരിടം അന്വേഷിക്കുക മാത്രമാണ് ' നെയ്ത്തുകാരൻ' ചെയ്യുന്നത്. ഈ പ്രസ്താവനയുടെ പൊരുൾ അന്വേഷിക്കുക.

## PART - C

## ഒരുചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (10 മാർക്ക്)

16 തന്റെയുള്ളിൽ ഒരു കഥ ജനിക്കുന്നതെങ്ങനെയെന്ന്, 'നിന്റെ ഓർമയ്ക്ക്' എന്ന കഥയുടെ രചനാനുഭവുമായി ബന്ധപ്പെടുത്തി എം. ടി വാസുദേവൻ നായർ അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക.

17 എഴുത്തുകാരന്റെ സർഗാത്മക സ്വാതന്ത്ര്യത്തിനു ഉത്തമ ഉദാഹരണമാണ് 'പെണ്ണുംപുലിയും' എന്ന കവിത. വിശകലനം ചെയ്യുക.

**1 x 10 = 10 Marks**

51

**1B1N240178** (Pages : 2) Reg. No:.........................
Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2024**

**MAL1MN102 – മലയാള കഥാസാഹിത്യം**

(FYUGP 2024 Admission onwards)

Time: 2 hours Max. Marks : 70

**PART – A**

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംഎഴുതാം. 3 മാർക്ക് വീതം. (പരമാവധി മാർക്ക് 24 )**

1. "എല്ലാം അമ്മ നിശ്ചയിച്ചതാണ്. നേരത്തെ നിശ്ചയിച്ചതാണ്." സന്ദർഭം വ്യക്തമാക്കുക.
2. മൂന്നു ആദ്യകാല നോവലിസ്റ്റുകളുടെ പേരെഴുതുക
3. 'അപ്പുക്കിളി'യെ പരിചയപ്പെടുത്തുക
4. നിങ്ങളുടെ ഇഷ്ടനോവലുകളിലൊന്ന് പരിചയപ്പെടുത്തുക
5. പഞ്ചുമേനോന് മാധവനോട് ദേഷ്യം തോന്നാനിടയായ സന്ദർഭം?
6. ഉറൂബിന്റെ കഥാപാത്രങ്ങളുടെ പൊതുസവിശേഷതകൾ എന്തെല്ലാം ?
7. പ്രമേയം, ആവിഷ്കരണരീതി എന്നിവയെ അടിസ്ഥാനപ്പെടുത്തി നോവലുകളെ എങ്ങനെയെല്ലാം തരം തിരിക്കാം?
8. സി വി രാമൻ പിള്ളയെ പരിചയപ്പെടുത്തുക.
9. തകഴിയുടെ മൂന്നു നോവലുകളുടെ പേരെഴുതുക
10. മൂന്നു ആധുനികാനന്തര കഥാകൃത്തുക്കളുടെ പേരെഴുതുക

## PART – B

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം (പരമാവധി മാർക്ക് 36)**

11. നോവലും ചെറുകഥയും തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുക
12. കുട്ടനാടിന്റെ സവിശേഷ ഭാഷ സാഹിത്യത്തിൽ കൊണ്ട് വരികയാണ് തകഴി ചെയ്തത്. ചർച്ച ചെയ്യുക.
13. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന് ആസ്വാദനം തയ്യാറാക്കുക.
14. ഹിഗ്വിറ്റയിലേക്കുള്ള ഗീവർഗീസ് അച്ചന്റെ പരിണാമം വിശദീകരിക്കുക.
15. ഇന്ദുലേഖ എന്ന നോവൽ പരിചയപ്പെടുത്തുക.
16. 'വാടക വീടുകൾ' എന്ന ശീർഷകം കഥയ്ക്ക്എത്രമാത്രം അനുയോജ്യമാണെന്ന് പരിശോധിക്കുക.
17. കാത്തിരിപ്പിന്റെ യും സ്നേഹത്തിന്റെ യും പ്രതീകങ്ങളാണ് ഓരോ അമ്മമാരും. വൈക്കം മുഹമ്മദ് ബഷീറിന്റെ അമ്മ എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക
18. വാനപ്രസ്ഥം എന്ന കഥയെ മുൻനിർത്തി എം ടി കഥകളുടെ സവിശേഷതകൾ പരിശോധിക്കിക്കുക

## PART - C

**ഒരു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (10 മാർക്ക്)**

19. മലയാളത്തിലെ നവോത്ഥാനകാലനോവലുകളുടെ സവിശേഷതകൾ ഉദാഹരണ സഹിതം ചർച്ച ചെയ്യുക
20. മലയാള ഭാഷയിൽ പുതുവഴി വെട്ടിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ - വിലയിരുത്തുക.